രൂപായും, അലവൻസ് ൪൭ ൫ രൂപായുമാണ്. ൫—൭—൫൯ മുതൽ മൂന്നുവർഷക്കാലമാണ് നിയമനകാലാവധി.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദ് : ചീഫ് സെക്രട്ടറിയെ ആദ്യം ഒരുകൊല്ലക്കാലത്തേക്കല്ലേ നിയമിച്ചിരുന്നത് ?

ശ്രീ. ടി. കെ. നാരായണപിള്ള : ആദ്യം ഒരുവർഷത്തേക്കാണ് നിയമിച്ചിരുന്നത്. പിന്നെ രണ്ടുവർഷത്തേക്കുകൂടി കാലാവധി നീട്ടിയിട്ടുള്ളതായിട്ടാണ് ഗവമ്മെണ്ടിനു കിട്ടിയിട്ടുള്ള അറിവ്.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദ് : ഈ ഗവമ്മെണ്ടിൽനിന്നുതന്നെയാണോ അങ്ങനെ നീട്ടിക്കൊടുത്തത് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇൻഡ്യാഗവമ്മെണ്ടിൽനിന്നും നിയമനകാലാവധി നീട്ടിക്കൊടുക്കുന്നതുസംബന്ധിച്ച് ഒരു കമ്മ്യൂണിക്കേഷൻ കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കയാണ്. അതിനെപ്പറ്റി അവസാനതീരുമാനം ചെയ്തിട്ടില്ല.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദ് : അതിന്റെ അവസാനതീരുമാനം ചെയ്യാനുള്ള അധികാരം ഗവമ്മെണ്ടിനല്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ.

ശബരിമല ക്ഷേത്രം

*൨൫൨. (ന൨) ശ്രീ. ടി. വി. ദേവൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ശബരിമല ക്ഷേത്രം നശിപ്പിച്ചതിന്മേൽ പോലീസിന്റെ അന്വേഷണഫലം എന്തായി ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : അന്വേഷണം തുടർന്നുവരികയാണ്.

ശ്രീ. ടി. വി. ദേവൻ : അതിൽ എനിക്കു വളരെ സങ്കടമുണ്ടെന്നുള്ള കാര്യം ഗവമ്മെണ്ടിനറിയാമോ ?

(ഉത്തരം പറഞ്ഞില്ല)

സഹായധനം

*൨൫൩. (ന൩) ശ്രീ. ടി. വി. ദേവൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഒരു കമ്മ്യൂണിസ്റ്റുകാരനാൽ കൊല്ലപ്പെട്ട മാവേലിക്കര പോലീസ് കാൻസ്റ്റബിളിന്റെ മാതാവിനു വല്ല സഹായങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ വല്ല സഹായങ്ങളും ചെയ്യണമെന്നുദ്ദേശിക്കുന്നുണ്ടോ ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : പോലീസുകാരന്റെ മാതാവിനു യാതൊരു സഹായവും ചെയ്തുകൊടുത്തിട്ടില്ല.

ശ്രീ. ടി. വി. ദേവൻ : അങ്ങിനെ വല്ല സഹായവും ചെയ്തുകൊടുക്കണമെന്നു ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതുവരെ സഹായങ്ങൾ ഗവമ്മെണ്ടിൽനിന്നും കൊടുത്തിട്ടുള്ളതു മരിച്ച ഉദ്യോഗസ്ഥന്റെ സംരക്ഷണത്തിലല്ലാതെ കഴിഞ്ഞുകൂടുവാൻ നിവൃത്തിയില്ല എന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായിട്ടുള്ളവർക്കാണ്. എന്നാൽ പ്രസ്തുത പോലീസുകാരന്റെ മാതാവിനു ഗവമ്മെണ്ടിൽനിന്നും സഹായം കൊടുക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. ஏ. சிதம்பரநாத நாடார்: மனைவியும் சந்ததியும் இல்லாதபோது மாதாவுக்குக் கொடுக்கப்படுமா?

ஸ்ரீ. டி. கெ. நாராயணபிள்ளை: அதைப்பற்றி கவனிக்கலாம்.

Sri. R. K. Ram: Will any allowance be given to the close dependants of communists?

Sri. T. K. Narayana Pillai. Government will consider.

Sri. A. P. Udayabhanu: May I know, other than the father and mother of an individual, can there not be any other dependant of his who will be entitled for an allowance?

Sri. T. K. Narayana Pillai: I believe there were two applications in this connection.

Sri. A. P. Udayabhanu: In that case will the Government be pleased to reconsider the matter?

Sri. T. K. Narayana Pillai: The question of payment to wife and children is alright. But the case of other dependants stands on a different footing.

Sri A. Thanu Pillai: Is there any rule which militates against some compensation being given to the dependant's mother?

ശ്രീ. ടി. കെ. നാരായണപിള്ള: ഡിപ്പെൻഡന്റായ മാതാവിനെ കൊടുക്കാൻ പാടില്ല എന്നു് അനുശാസിച്ചുകൊണ്ടുള്ള രൂപം ഒന്നുമില്ല.

ശക്കര ഏറ്റുമതി

*൨ ൫൩. (൩ ൪) ശ്രീമതി. ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സഭയെ മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റോറിൽനിന്നും ശക്കരയോ ചക്കരയോ വെളിയിലേക്കു് അയയ്ക്കുന്നുണ്ടോ;

(ബി) വെളിയിൽനിന്നും തിരുവിതാംകൂർ-കൊച്ചി സ്റ്റോറിലേക്കു് ശക്കരയോ ചക്കരയോ ഇറക്കുമതി ചെയ്യുന്നുണ്ടോ?

വ്യവസായവും, എക്സൈസും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ശക്കരയും ചക്കരയും വെളിയിലേക്കയക്കുന്നുണ്ടു്.

(ബി) ചക്കര വെളിയിൽനിന്നും ഇറക്കുമതി ചെയ്യുന്നുണ്ടു്. എന്നാൽ ശക്കര ഇറക്കുമതി ചെയ്യുന്നില്ല.

ശ്രീ. ദേവകീ ഗോപിദാസു്: പഞ്ചാരക്ഷാമം ഇവിടെയുള്ള സ്ഥിതിക്കു് ശക്കര വെളിയിലേക്കു അയക്കുന്നതിനെ തടയുന്ന കാര്യം ഗവൺമെൻറാലോചിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ ആലോചിക്കുന്നില്ല.

ശ്രീ. കേശവമേനോൻ

*൨ ൫൪. (൩൫) ശ്രീ. ദേവകീ ഗോപിദാസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സഭയെ മറുപടി പറയുമോ.—

(എ) ശബരിമല സംഭവംപോലുള്ള ഒരു സംഭവത്തെ സംബന്ധിച്ചു് കാര്യക്ഷമമായി അന്വേഷിക്കുവാൻ തിരുവിതാംകൂർ-കൊച്ചി പോലീസിൽ ആളികൾ ഇല്ലാഞ്ഞിട്ടാണോ വെളിയിൽനിന്നും ഒരാളിനെ വരുത്തി ആ ചുമതല ഏൽപ്പിച്ചതു്?

LIBRARY ARCHIVES Kerala Legislative Assembly